# 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

(നിയമസഭ പാസാക്കിയ പ്രകാരമുള്ളത്)

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

<u>പീഠിക.</u>—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റും (2011-ലെ 5) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും (2021-ലെ 1) 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റും (2021-ലെ 10) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ആക്റ്റിന് 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31),—

(എ) 8-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്: അതായത് :—

| | | | |
|---|---|---|---|
| (i) | മുഖ്യമന്ത്രി | - | ചെയർ പേഴ്സൺ; |
| (ii) | സ്പീക്കർ, കേരള നിയമസഭ | - | അംഗം; |
| (iii) | പ്രതിപക്ഷനേതാവ്, കേരള നിയമസഭ | - | അംഗം. |

(1 എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.";

(ബി) 11-ാം വകുപ്പിൽ (16)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(16) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

3. <u>2011-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.</u>—2010-ലെ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആക്റ്റിലെ (2011-ലെ 5),—

(എ) 31-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല,

സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത്: —

(i) മുഖ്യമന്ത്രി - ചെയർ പേഴ്സൺ;

(ii) സ്പീക്കർ, കേരള നിയമസഭ - അംഗം;

(iii) പ്രതിപക്ഷനേതാവ്, കേരള നിയമസഭ - അംഗം.

(1 എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല";

(ബി) 33-ാം വകുപ്പിൽ (11)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(11) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

4. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.— 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിലെ (2013-ലെ 24),—

(എ) 26-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യുമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത്: —

| | | |
|---|---|---|
| (i) മുഖ്യമന്ത്രി | - | ചെയർ പേഴ്സൺ; |
| (ii) സ്പീക്കർ, കേരള നിയമസഭ | - | അംഗം; |
| (iii) പ്രതിപക്ഷനേതാവ്, കേരള നിയമസഭ | - | അംഗം. |

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല";

(ബി) 29-ാം വകുപ്പിൽ,—

(i) (9)-ാം ഉപവകുപ്പിൽ "താൽക്കാലികമായതോ സ്ഥിരമായതോ ആയ" എന്നീ വാക്കുകൾക്കു പകരം "സ്ഥിരമായ" എന്ന വാക്ക് ചേർക്കേണ്ടതാണ്.;

(ii) (9)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

5. <u>2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.</u>—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (2015-ലെ 17),—

(എ) 10-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത്: —

(i) മുഖ്യമന്ത്രി - ചെയർ പേഴ്സൺ;

(ii) സ്പീക്കർ, കേരള നിയമസഭ - അംഗം;

(iii) പ്രതിപക്ഷനേതാവ്, കേരള നിയമസഭ - അംഗം.

(1 <u>എ</u>) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 <u>ബി</u>) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല.";

(ബി) 13-ാം വകുപ്പിൽ,—

(i) (7)-ാം ഉപവകുപ്പിൽ, (iii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (7)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

6. <u>2021-ലെ 1-ാം ആക്റ്റിനുള്ള ഭേദഗതി.</u>—2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിലെ (2021-ലെ 1),—

(എ) 8-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത്: —

| | | |
|---|---|---|
| (i) മുഖ്യമന്ത്രി | - | ചെയർ പേഴ്സൺ; |
| (ii) സ്പീക്കർ, കേരള നിയമസഭ | - | അംഗം; |
| (iii) പ്രതിപക്ഷനേതാവ്, കേരള നിയമസഭ | - | അംഗം. |

(1എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം യൂണിവേഴ്സിറ്റിയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും യൂണിവേഴ്സിറ്റി, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല";

(ബി) 11-ാം വകുപ്പിൽ,—

(i) (6)-ാം ഉപവകുപ്പിൽ, (iii)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്. ;

(ii) (6)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(6 എ) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".

7. 2021-ലെ 10-ാം ആക്റ്റിനുള്ള ഭേദഗതി.—2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റിലെ (2021-ലെ 10),—

(എ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1) സർക്കാർ, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്, അതായത്: —

(i) മുഖ്യമന്ത്രി - ചെയർ പേഴ്സൺ;

(ii) സ്പീക്കർ, കേരള നിയമസഭ - അംഗം;

(iii) പ്രതിപക്ഷനേതാവ്, കേരള നിയമസഭ - അംഗം.

(1 എ) ചാൻസലർ, അയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

(1 ബി) ചാൻസലറായി നിയമിക്കപ്പെട്ട ഒരാളിന് ഒരു അധിക കാലയളവിലേയ്ക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(1 സി) ചാൻസലറുടെ സ്ഥാനം പ്രതിഫലം പറ്റാത്ത ഒരു സ്ഥാനമായിരിക്കുന്നതാണ്. ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതും സർവ്വകലാശാല, അയാളുടെ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകേണ്ടതുമാണ്.

(1 ഡി) ചാൻസലർക്ക്, സർക്കാരിന് രേഖാമൂലം രാജി സമർപ്പിക്കാവുന്നതാണ്.

(1 ഇ) ചാൻസലറുടെ രാജി, സർക്കാർ അത് സ്വീകരിക്കുകയും കർത്തവ്യങ്ങളിൽ നിന്നും അയാളെ വിടുതൽ ചെയ്യുകയും ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(1 എഫ്) സർക്കാരിന്, ഉത്തരവ് മൂലം, ചാൻസലറെ, അയാൾ,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം അപ്രകാരം തുടരുന്നതിന് അയോഗ്യനായിത്തീരുകയോ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാതായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി മുഖാന്തരം അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഡി) സാന്മാർഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന്, ഒരു ക്ഷമതയുള്ള കോടതി മുഖാന്തരം കുറ്റം സ്ഥാപിക്കപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ,

ചെയ്യുന്ന പക്ഷം അയാളെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(1 ജി) സർക്കാരിന്, ഗുരുതരമായ പെരുമാറ്റദൂഷ്യത്തിന്മേലുള്ള ആരോപണങ്ങളിന്മേലോ മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കാരണങ്ങളിന്മേലോ ലിഖിതമായ ഒരു ഉത്തരവ് വഴി, ചാൻസലറെ ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, സർക്കാർ, ഈ ആവശ്യത്തിലേയ്ക്കായി നിയമിക്കുന്ന സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരുന്ന ഒരാൾ നടത്തുന്ന ഒരു അന്വേഷണം വഴി അങ്ങനെയുള്ള ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ അയാളെ നീക്കം ചെയ്യാൻ പാടുള്ളതല്ല";

(ബി) 11-ാം വകുപ്പിൽ (10)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(10) വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, ചാൻസലർ, പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച്, വൈസ്-ചാൻസലർ അയാളുടെ കർത്തവ്യങ്ങൾ പുനരാരംഭിക്കുന്ന തീയതി വരെ വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.".